മാത്രം വരുന്നതിനാവശ്യമായ 'ക്വചിത് സമുദായേപി' എന്ന പരിഭാഷയുടെ അടിസ്ഥാനമാകട്ടെ ലൗകികമായ ഗർഗദണ്ഡന്യായം (ഗർഗാഃ ശതം ദണ്ഡ്യന്താം; അർഥിനശ്ച രാജാനോ ഹിരണ്യേന ഭവന്തി) അത്രേ.

അളക്കുന്നവൾ എന്ന അർഥത്തിൽ മാതൃശബ്ദത്തിൽനിന്ന് 'ഋന്നേഭ്യോ ങീപ്' (4-1-5) എന്ന സ്ത്രീപ്രത്യയം വന്ന് 'മാത്രീ' എന്ന രൂപം സിദ്ധിക്കേണ്ടതുണ്ട്. മാതൃശബ്ദം സ്വസ്രാദിഗണത്തിൽ പഠിതമാണ്. 'ന ഷട്സ്വസ്രാദിഭ്യഃ' (4-1-10) എന്ന ങീപ് നിഷേധം ജനനീവാചകമായ മാതൃശബ്ദത്തിൽ വരണം; അളക്കുന്നവൾ എന്ന അർഥത്തിലുള്ള മാത്രീ ശബ്ദത്തിൽ വരുകയുമരുത്. ഇതിനുവേണ്ടി 'അവയവപ്രസിദ്ധേഃ സമുദായപ്രസിദ്ധിർ ബലീയസീ' എന്ന പരിഭാഷ അംഗീകരിക്കപ്പെട്ടിരിക്കുന്നു. മീമാംസയിലെ രഥകാരാധികരണന്യായമാണ് ഈ പരിഭാഷയുടെ മൂലം. 'രഥകാരോഗ്നീനാദധീത' എന്ന അഗ്ന്യാധാനം രഥം ഉണ്ടാക്കുന്ന ബ്രാഹ്മണാദികളെ ഉദ്ദേശിച്ചല്ല, രഥകാരൻ എന്ന സങ്കരജാതീയനെ ഉദ്ദേശിച്ചാണ് വിധിക്കപ്പെട്ടിരിക്കുന്നത്. ക്ഷത്രിയന് വൈശ്യസ്ത്രീയിലുണ്ടായ പുത്രൻ മാഹിഷ്യൻ; വൈശ്യന് ശൂദ്രസ്ത്രീയിലുണ്ടായ മകൾ കരണി, മാഹിഷ്യന് കരണിയിലുണ്ടായ പുത്രൻ രഥകാരൻ. ഈ അർഥത്തിൽ രഥകാരപദം രൂഢമാകുന്നു. 'യോഗജബോധേതദനാലിംഗിത ശുദ്ധ രൂഢിജോപസ്ഥിതിഃ പ്രതിബന്ധികാ' എന്നൊരു നിയമം അനുഭവബലാൽ കല്പിക്കണമെന്ന് രഥകാരാധികരണന്യായം സ്ഥാപിക്കുന്നു.

പ്രകൃതിനിയമങ്ങളെപ്പോലെ അപരിവർത്തനീയങ്ങളോ ധാർമിക നിയമങ്ങളെപ്പോലെ അയവില്ലാത്തവയോ അല്ല വ്യാകരണനിയമങ്ങൾ. ചായ്ച്ചും, ചെരിച്ചും കെട്ടാവുന്ന കുടുമയെപ്പോലെ വ്യാകരണനിയമങ്ങളെയും ആവശ്യംപോലെ വളച്ചൊടിക്കാം. പ്രാമാണികപ്രയോഗങ്ങളിലുള്ള ശബ്ദരൂപങ്ങൾ സിദ്ധിക്കുകയാണ് ഈ നിയമങ്ങളുടെ പ്രയോജനം. അതിനാൽ, യഥോദ്ദേശം സംജ്ഞാപരിഭാഷം, കാര്യകാലം സംജ്ഞാപരിഭാഷം, അനേകാന്താ അനുബന്ധാഃ ഏകാന്താഃ, ഏകയോഗനിർദിഷ്ടാനാം സഹ വാ പ്രവൃത്തിഃ സഹ വാ നിവൃത്തിഃ — ക്വചിദേകദേശോപ്യനുവർത്തതേ, ഉണാദയോ വ്യുത്പന്നാനി പ്രാതിപദികാനി — ഉണാദയോ അവ്യുത്പന്നാനി പ്രാതിപദികാനി, പൂർവപരനിത്യാന്തരംഗാപവാദാനാം ഉത്തരോത്തരം ബലീയഃ — പുനഃപ്രസംഗവിജ്ഞാനാത് സിദ്ധം, യസ്യ ച ലക്ഷണാന്തരേണ നിമിത്തം വിഹന്യതേ ന തദനിത്യം — യസ്യ ച ലക്ഷണാന്തരേണ നിമിത്തം വിഹന്യതേ തദപ്യനിത്യം, പ്രത്യേകം വാക്യപരിസമാപ്തിഃ — ക്വചിത് സമുദായേപി എന്നിങ്ങനെ പരസ്പരവിരുദ്ധങ്ങളായ പരിഭാഷകളും, ഉഭയഗതിരിഹ ഭവതി, സർവോ ദ്വന്ദ്വോ വിഭാഷയൈകവദ് ഭവതി, സർവേവിധയശ്ഛന്ദസി വികല്പ്യന്തേ, സമാസാന്തവിധിരനിത്യഃ, സംജ്ഞാപൂർവക വിധേരനിത്യത്വം, ആഗമശാസ്ത്രമനിത്യം, ഗണകാര്യമനിത്യം, അനുദാത്തേത്ത്വ ലക്ഷണമാത്മനേപദമനിത്യം, നഞ്ഘടിതമനിത്യം, ജ്ഞാപകസിദ്ധം ന സർവത്ര എന്നിങ്ങനെ വികല്പവിധായകങ്ങളായ പരിഭാഷകളും നമുക്കു ധാരാളമായി കാണാൻ കഴിയുന്നു.

## 11. സംസ്കൃതം പുനർജീവിക്കുമോ?

ത്രിഭാഷാ പദ്ധതി അംഗീകരിക്കപ്പെട്ടതോടെ ഇന്ത്യയിലെ വിദ്യാഭ്യാസ വ്യവസ്ഥയിൽനിന്ന് സംസ്കൃതം ഏറെക്കുറെ പൂർണമായി നിഷ്കാസനംചെയ്യപ്പെട്ടിരിക്കുകയാണല്ലൊ. പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലൂടെ ലഭിക്കേണ്ടത് വിദ്യാർഥികളുടെ ജന്മാവകാശം ആണെന്ന മൗലികതത്വം നാം സ്വീകരിച്ചിരി

കുന്നു. (തത്ത്വങ്ങൾ ആത്മാർത്ഥതയോടെ നടപ്പിൽവരുത്തുന്നുണ്ടോ എന്നതു മറ്റൊരു കാര്യം). സെക്കൻഡറി ഘട്ടത്തിൽ മാദ്ധ്യമം പ്രാദേശികഭാഷയാവണമെന്നതിൽ വിദ്യാഭ്യാസ വിദഗ്ദ്ധർക്കു സംശയമില്ല. പ്രാദേശിക ഭാഷയോടൊപ്പം ഈ ഘട്ടത്തിൽ ഹിന്ദീതര—സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾ ഹിന്ദിയും ഹിന്ദി--സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾ ഒരു ദാക്ഷിണാത്യഭാഷയും പഠിക്കേണ്ടതു് ദേശീയ—ഉദ്ഗ്രഥനത്തിനു് അനുപേക്ഷണീയമാണെന്ന തീരുമാനവും നാം കൈക്കൊണ്ടിട്ടുണ്ടു്. ഈ ഭാഷകൾക്കു പുറമെയാണു്, വിജ്ഞാനത്തിലേക്കുള്ള രാജമാർഗമെന്ന നിലയിൽ ഒരു പാശ്ചാത്യഭാഷയുടെ പഠനം. ഇന്ത്യയിലെ ഇന്നത്തെ ചുററുപാടിൽ ഈ പാശ്ചാത്യഭാഷ ഇംഗ്ലീഷ് ആയിരിക്കുമെന്നതു സ്വാഭാവികം മാത്രം.

വിദ്യാഭ്യാസമെന്നാൽ ഭാഷാപഠനം മാത്രമല്ലല്ലൊ. വിവിധ വിഷയങ്ങളിൽ വിജ്ഞാനം ആർജിക്കുന്നതിനുള്ള ഉപാധികൾ മാത്രമാണു് ഭാഷകൾ. അതിനാൽ, പാഠ്യപദ്ധതിയിൽ ഭാഷകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടുപോകുന്നതു് ആശാസ്യമോ സാദ്ധ്യമോ ആയിരിക്കയില്ല.

അതേ സമയം, സംസ്കൃതംപോലെയുള്ള ഒരു ക്ലാസിക്ഭാഷ പൊതുവിദ്യാഭ്യാസപദ്ധതിയിൽനിന്നു തികച്ചും ഒഴിവാക്കാമോ? ഇന്ത്യയിലെ പ്രധാനപ്പെട്ട ഔത്തരാഹ ഭാഷകളെല്ലാം സംസ്കൃതത്തിൽനിന്നു് ഉത്ഭവിച്ചവയാണു്. ദാക്ഷിണാത്യഭാഷകളിലും സംസ്കൃതം പല അളവിൽ കൂടിക്കലർന്നിരിക്കുന്നു. അതിനാൽ, ഏതു ഭാരതീയ ഭാഷയിലും പാണ്ഡിത്യം നേടുന്നതിനു കുറെയൊക്കെ സംസ്കൃതപരിജ്ഞാനം കൂടിയേ കഴിയൂ. ഇതിനും പുറമെ, ഇന്ത്യയുടെ പ്രാചീന വിജ്ഞാനസമ്പത്തു്, ഏറെക്കുറെ മുഴുവനായി, സംസ്കൃതത്തിൽ നിഹിതമാണു്. സമ്പന്നമായ ഈ പൈതൃകം നമ്മുടെ വളർന്നുവരുന്ന തലമുറകൾക്കു നിഷേധിക്കപ്പെടാമോ?

ഈ പശ്ചാത്തലത്തിനെതിരെയാണു്, ഒരു ഐച്ഛികവിഷയം എന്ന നിലയിലോ, പ്രാദേശികഭാഷാ പഠനത്തിന്റെയോ ഹിന്ദി പഠനത്തിന്റെയോ ഭാഗം എന്ന നിലയിലോ, സെക്കൻഡറി പാഠ്യപദ്ധതിയിൽ സംസ്കൃതത്തെ ഉൾക്കൊള്ളിച്ചതു്. കേരളത്തിലെ സെക്കൻഡറി പാഠ്യപദ്ധതിയിൽ പ്രാദേശികഭാഷാ പഠനത്തിന്റെ അർദ്ധഭാഗമാണു് സംസ്കൃതപഠനം. എന്നാൽ, മലയാളത്തോടു് ഉദ്ഗ്രഥിച്ചു് സംസ്കൃതം പഠിപ്പിക്കുന്നതിനുപകരം, മലയാളവുമായി ഒരു ബന്ധവുമില്ലാത്ത നിലയിൽ ആണു് ഈ പഠനം നടത്തിവരുന്നതു്. ഫലമോ? സംസ്കൃതത്തിൽ ഏതാനും ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും കാണാതെ പഠിപ്പിക്കുക എന്ന നിലയിലേക്കു് ഈ പഠനം അധഃപതിച്ചിരിക്കുന്നു. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം തികച്ചും നീരസവും മിക്കവാറും നിഷ്പ്രയോജനവുമായ ഒരു ഓർമശക്തിപരീക്ഷണം മാത്രമായിരിക്കുന്നു ഇന്നു് കേരളത്തിലെ സംസ്കൃതപഠനം.

ഒരു വിദ്യാലയത്തിൽ ഒരു നിശ്ചിതസംഖ്യ വിദ്യാർത്ഥികൾ സംസ്കൃതം പഠിക്കാൻ ആഗ്രഹിക്കുന്ന പക്ഷം സംസ്കൃതാദ്ധ്യാപകനെ നിയമിക്കാമെന്ന, ഉദാരമായ, നിലപാടാണു് കേരള ഗവണ്മെൻറിന്റേതു്. പക്ഷേ, സംസ്കൃതം പഠിക്കാൻ മുന്നോട്ടുവരുന്ന വിദ്യാർത്ഥികളുടെ എണ്ണം ആണ്ടോടാണ്ടു കുറഞ്ഞുവരികയാണു്. സംസ്കൃതപഠനത്തിന്റെ ഉപയോഗത്തെപ്പററി വിദ്യാർത്ഥികളുടെ പുതിയ തലമുറകളെ പറഞ്ഞു മനസ്സിലാക്കാൻ അദ്ധ്യാപകർക്കു കഴിയാതെ പോകുന്നതാണു് ഇതിനു കാരണം. തങ്ങളുടെ പിഞ്ചോമനകളുടെ തലയിൽ കെട്ടിയേററുന്ന അനാവശ്യമായ ഒരു ഭാരമാണു് സംസ്കൃതമെന്നത്രേ ഭൂരിപക്ഷം രക്ഷിതാക്കളുടെയും കാഴ്ചപ്പാടു്. ഇക്കാരണത്താൽ കേരളത്തിൽ സംസ്കൃതപഠനത്തിന്റെ വേരു് അതിവേഗത്തിൽ ഉണങ്ങിക്കൊണ്ടിരിക്കുകയാണു്. സർവകലാശാലകളിലെ സംസ്കൃതവകുപ്പുകൾ വികസിപ്പിക്കാനും, പുതുതായി ഒരു സംസ്കൃത സർവകലാശാലതന്നെ സ്ഥാപിക്കാനും, മററും, ഉള്ള ശ്രമങ്ങൾ, ഈ അടിസ്ഥാനവസ്തുത കാണാതെ നടത്തുന്ന വൃഥാ വ്യായാമങ്ങൾ അത്രേ.

സംസ്കൃതത്തിനു നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽ പുനഃപ്രതിഷ്ഠ ലഭിക്കണമെങ്കിൽ, സംസ്കൃതത്തിന്റെ സാമാന്യജ്ഞാനമെങ്കിലും നേടുന്നതു് ഇന്ത്യയിലെ ഓരോ പൗരന്റെയും വ്യക്തിത്വവികാസത്തിന് അനുപേക്ഷണീയമാണെന്ന ധാരണ രക്ഷിതാക്കൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. മതഭാഷയെന്ന നിലയിൽ മുസ്ലിങ്ങൾ അറബി പഠിക്കുന്നതുപോലെ ഹിന്ദുക്കൾ സംസ്കൃതം പഠിക്കണമെന്നു വാദിക്കുന്നതു് അർത്ഥശൂന്യമാണ്. കാരണം, മതഭാഷയെന്നതിലേറെ സംസ്കൃതം ഇന്ത്യയിലെ പൊതുവിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും ഭാഷയാണ്; ഹിന്ദുക്കൾക്കെന്നപോലെ അന്യമതക്കാർക്കും സംസ്കൃതഭാഷാപഠനം പ്രയോജനകരവുമാണ്.

ബഹുജനങ്ങൾക്കിടയിൽ സംസ്കൃതഭാഷയെ സംബന്ധിച്ച ശരിയായ ധാരണ ഉളവാക്കുന്നതിനുവേണ്ടി 'പീപ്പിൾസ് സംസ്കൃത് മൂവ്മെന്റ്' എന്ന പേരിൽ ഒരു പ്രസ്ഥാനം ദില്ലിയിൽ ഉടലെടുത്തിട്ടുണ്ട്. ഈ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ, ഇക്കഴിഞ്ഞ ആഗസ്റ്റ് 5 മുതൽ 19 വരെ രണ്ടാഴ്ചക്കാലം 'സംസ്കൃത സംഭാഷണോത്സവം' ആയി ദില്ലിയിൽ ആചരിക്കപ്പെട്ടുവെന്നു പത്രവാർത്തകളിൽ കാണുന്നു. സംഘടനയുമായി ബന്ധപ്പെട്ട നൂറോളം സ്വയം സേവകർ ഈ കാലത്തു നാല്പത്തിമൂന്നു 'സംസ്കൃത സംഭാഷണശിബിര'ങ്ങൾ ദില്ലി നഗരത്തിൽ നടത്തുകയുണ്ടായി. അനായാസമായി പഠിക്കാനും സംസാരിക്കാനും സാധിക്കുന്ന ഒരു ഭാഷയാണ് സംസ്കൃതമെന്ന ബോധം ജനങ്ങളിൽ ഉളവാക്കുകയായിരുന്നു ഈ ശിബിരങ്ങളുടെ ലക്ഷ്യം. മൂവായിരത്തോളം ദില്ലിക്കാർ ഈ ശിബിരങ്ങളിൽ പങ്കെടുത്തു്, സംസ്കൃതത്തിലൂടെ നിത്യവ്യവഹാരങ്ങൾ നിർവഹിക്കുന്നതിനുള്ള സാമാന്യഭാഷാ പരിചയം നേടിയത്രേ.

ഒറീസ്സയിലെ പുരി കേന്ദ്രമായി പ്രവർത്തിക്കുന്ന 'ലോകഭാഷാ സമിതി' ആണ് 'സംസ്കൃത് മൂവ്മെന്റി'നു ജന്മം നൽകിയതു്. സംസ്കൃതസംഭാഷണോത്സവക്കാലത്തു് ഇവർ സംസ്കൃതത്തിൽ ആയിരത്തോളം തെരുവുനാടകങ്ങൾ ദില്ലിയിൽ പ്രദർശിപ്പിക്കുകയുണ്ടായി. സംസ്കൃതം ഒരു മൃതഭാഷയല്ലെന്നും പത്തു ദിവസംകൊണ്ട് അതു പഠിക്കാനും സംസാരിക്കാനും ആസ്വദിക്കാനും സാദ്ധ്യമാണെന്നും കാഴ്ചക്കാരെ ബോദ്ധ്യപ്പെടുത്താൻ ഉദ്ദേശിച്ചുള്ള ഈ തെരുവുനാടകങ്ങൾ അഭിനയിച്ചവരിൽ നേപ്പാൾ, ഭൂട്ടാൻ, കേരളം, ഒറീസ്സ മുതലായ സ്ഥലങ്ങളിൽനിന്നു വന്ന സ്വയംസേവകർ ഉണ്ടായിരുന്നു. ഇവർ അഭിനയിച്ചതു് അഭിജ്ഞാനശാകുന്തളംപോലെയുള്ള പഴയ നാടകങ്ങളായിരുന്നില്ല; സമകാല രാഷ്ട്രീയ–സാമൂഹ്യ–സ്ഥിതി പ്രതിഫലിപ്പിക്കുന്ന ലഘുവിനോദ നാടകങ്ങളായിരുന്നു. 'നിങ്ങളുടെ കൈകൾ എനിക്കു തരുക' എന്നു വോട്ടർമാരോടു പ്രസംഗിക്കുന്ന, കൈകളില്ലാത്ത, ഒരു നേതാവിനെ ചിത്രീകരിക്കുന്ന 'ഹസ്തവിഹീനോനേതാ' എന്നതായിരുന്നു ഒരു നാടകം. 'കൂശ്മാണ്ഡഭോജനാലയഃ' (കുമ്പളങ്ങ ഹോട്ടൽ), 'മോദകം കേന ഭക്ഷിതം?' (ലഡ്ഡു തിന്നതു് ആർ?) എന്നിങ്ങനെ പോകുന്നു മറ്റു ചില നാടകങ്ങളുടെ പേരുകൾ. ഭാഷ സംസ്കൃതമെങ്കിലും, കാഴ്ചക്കാർക്ക് ഈ നാടകങ്ങളുടെ ഉള്ളടക്കം മനസ്സിലാവുകയും അവർ അവയിൽ രസിക്കുകയുംചെയ്തു.

സംസ്കൃത സംഭാഷണോത്സവത്തോടനുബന്ധിച്ചു് നോർത്ത് അവന്യൂവിലെ എം. പി. മാരുടെ ക്ലബ്ബിൽ സംസ്കൃതാദ്ധ്യാപകരുടെ ഒരു ദേശീയ സമ്മേളനം നടക്കുകയുണ്ടായി. 1990–മാണ്ട് 'സംസ്കൃതവർഷ'മായിരിക്കുമെന്നു് പ്രഖ്യാപിക്കുന്ന ഒരു പ്രമേയം ഈ സമ്മേളനം അംഗീകരിച്ചു. 'സംസ്കൃതം സംസാരിക്കുക, സംസ്കൃതം പഠിക്കുക അതു് എളുപ്പമാണ്' എന്ന സന്ദേശവുമായി 'സംസ്കൃത് മൂവ്മെന്റി'ലെ സ്വയംസേവകർ ഈ വർഷത്തിൽ ഒരു കോടി വീടുകൾ സന്ദർശിക്കണമെന്നു സമ്മേളനം പാസ്സാക്കിയ മറ്റൊരു പ്രമേയത്തിൽ ആവശ്യപ്പെടുന്നു. ഈ പ്രചാരണത്തിന്റെ ഫലമായി പത്തു ലക്ഷം ആളുകളെങ്കിലും ആ വർഷത്തിൽ സംസ്കൃതം പഠിക്കാൻ മുന്നോട്ടു വരണം. സമ്മേളനം തയ്യാറാക്കിയ 'ദില്ലി സംസ്കൃത പ്രഖ്യാപന'ത്തിനു് ഖുശ്വന്ത്

സിങ്, ബി. ജി. വർഗീസ് തുടങ്ങിയ പത്രപ്രവർത്തകരും ഡോ. ജലാലുദ്ദീൻ പോലെയുള്ള പണ്ഡിതന്മാരും പിന്തുണ വാഗ്ദാനം ചെയ്തതായും കാണുന്നു.

സമ്മേളനം കഴിഞ്ഞ് നൂറു പ്രതിനിധികൾ അടങ്ങിയ ഒരു നിവേദക സംഘം ആഗസ്റ്റ് 17–ന് ഉപരാഷ്ട്രപതി ശങ്കർദയാൽശർമയെ ചെന്നു കണ്ടു. ജനകീയ സംസ്കൃതപ്രസ്ഥാനത്തിലെ സ്വയംസേവകരുടെ പ്രവർത്തനങ്ങളെ ഉപരാഷ്ട്രപതി ശ്ലാഘിച്ചു. ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി പന്ത്രണ്ടു സംസ്ഥാനങ്ങളിലായി തൊണ്ണൂറായിരത്തോളം പേർ ഇതിനകം സംസ്കൃതത്തിലേക്ക് ആകൃഷ്ടരായിട്ടുണ്ടെന്നറിഞ്ഞ് ഉപരാഷ്ട്രപതി അത്യന്തം സന്തോഷിച്ചു. സംസ്കൃതത്തിന്റെ സാംസ്കാരികവും സാഹിത്യപരവുമായ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഇന്ത്യയിൽ സംസ്കൃതഗവേഷണത്തിലും ദേശീയവും മതനിരപേക്ഷവുമായ ഒരു സാംസ്കാരികപ്രസ്ഥാനമെന്ന നിലയിൽ സംസ്കൃതപ്രചാരണത്തിലും ഏർപ്പെട്ടിരിക്കുന്ന എല്ലാ സംഘടനകളോടും പ്രസ്ഥാനങ്ങളോടും സഹകരിക്കാനുള്ള സന്നദ്ധത ജനകീയ സംസ്കൃതപ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി ശ്രീ സദാനന്ദ് ദീക്ഷിത് സംസ്കൃതോത്സവാവസാനത്തിൽ പ്രഖ്യാപിച്ചു. സംസ്കൃതത്തിൽ നാടകപ്രസ്ഥാനവും സിനിമാപ്രസ്ഥാനവും പ്രോത്സാഹിപ്പിക്കുക ഓരോ സംസ്ഥാനതലസ്ഥാനത്തിലും സംസ്കൃതസംഭാഷണോത്സവങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് ജനകീയ സംസ്കൃത പ്രസ്ഥാനം 1990-ൽ നിർവഹിക്കാൻ ഉദ്ദേശിക്കുന്ന മറ്റു ചില പരിപാടികൾ.

സംസ്കൃതം ഒരു നിർബന്ധിത പാഠ്യവിഷയമാക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം കേരളത്തിലെ സംസ്കൃതാധ്യാപകരുടെ സംഘടനകൾ കൂടെക്കൂടെ യോഗം ചേർന്നു പാസ്സാക്കാറുണ്ട്. സംസ്കൃതമെന്നല്ല ഒരു ഭാഷയും ആരെയും നിർബന്ധിച്ചു പഠിപ്പിക്കാനാവില്ല. ഒരു സാംസ്കാരിക ഭാഷയെന്ന നിലയിൽ സംസ്കൃതം പഠിക്കാനുള്ള താല്പര്യം ബഹുജനങ്ങളിൽ ഉദ്ദീപിപ്പിക്കാനാണ് സംസ്കൃത പ്രണയികൾ ശ്രമിക്കേണ്ടത്. ദില്ലി സംസ്കൃതോത്സവ പരിപാടികൾ ഈ സാഹചര്യത്തിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്നവയാണ്.

(വിവരങ്ങൾക്ക് ആഗസ്റ്റ് 20–ാം തീയതിലെ 'ടൈംസ് ഓഫ് ഇന്ത്യയോട്' കടപ്പാട്)

## 12. ചിഹ്നനം (Punctuation)

പരിചയമില്ലാത്ത എഴുത്തുകാർ വേണ്ടതിലധികം ചിഹ്നങ്ങൾ ഉപയോഗിക്കാറുണ്ട്. ഒററ വാക്കുകളെ ഉദ്ധാരണങ്ങൾക്കുള്ളിലാക്കുക, വേണ്ടാത്തിടത്തു കോമ, സെമിക്കോളൻ, കോളൻ, ഹൈഫൻ, ഡാഷ് എന്നിവ ഉപയോഗിക്കുക, വേണ്ടുന്നിടത്ത് ഇവ ഉപയോഗിക്കാതിരിക്കുക, ഇതെല്ലാം അവിദഗ്ദ്ധരായ എഴുത്തുകാരുടെ രചനകളിൽ ധാരാളം കാണാം.

അർത്ഥം വ്യക്തമാക്കാനുള്ളവയാണ് ചിഹ്നങ്ങൾ. ആവശ്യമുള്ളിടത്തുമാത്രമേ അവ ഉപയോഗിക്കാവൂ. വേണ്ട പദങ്ങൾ വേണ്ട സ്ഥാനങ്ങളിൽ വിന്യസിച്ചാൽ ചിഹ്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കാം. ഒരു ചിഹ്നമില്ലാതെതന്നെ അർത്ഥം വിശദമാവുന്നിടത്തു ചിഹ്നം ഉപയോഗിക്കരുത്.

1. പൂർണവിരാമം (പീരിയേഡ്, ബിന്ദു.) അത്യാവശ്യമായ ഒരു ചിഹ്നമാണ് ഇത്. വാക്യം പൂർത്തിയായി എന്ന് ഈ ചിഹ്നം കാണിക്കുന്നു. സംക്ഷേപണങ്ങളെ കാണിക്കാനും പൂർണ്ണവിരാമം ഉപയോഗിക്കുക. ഇതിനു